(ബി) പ്രസ്തുത മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കോതമംഗലം മിനി സിവിൽസ്റ്റേഷൻ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് തടസ്സങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ 5 നിലകളുടെ സൂക്ച്ചറും പ്ലാസ്റ്റർ ജോലികളും പൂർത്തീകരിച്ചു. പെയിന്റിംഗും ഇലക്ട്രിക്കൽ ജോലികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) കോതമംഗലം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) കോതമംഗലം മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

അരുർ-കുമ്പളം പഴയപാലം പൊട്ടിപൊളിഞ്ഞ് യാത്ര ദുരിതമായിരിക്കുന്ന കാര്യം

277(3202) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുർ-കുമ്പളം പഴയപാലം പൊട്ടിപ്പൊളിഞ്ഞ് യാത്ര ദുരിതമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലം നന്നാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലം അടിയന്തരമായി ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത പാലം ദേശീയപാത 47 നാലുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി 2004-ൽ ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. പാലത്തിന്റെ ഉപരിതലം മാറ്റി പുതിയ Wearing Coat ഇടുന്നതിന് 1.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly